"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ശ്രീമതി സൗമ്യ പൊടിക്കളം പറമ്പിൽ ന് 2015-16 വർഷത്തിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഭവന നിർമ്മാണ ധനസഹായത്തിന്റെ തിരിച്ചടവിന് പലിശ ഒഴിവാക്കി നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.996/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-
1. ശ്രീമതി സൗമ്യ പൊടിക്കളം പറമ്പിൽ നവകേരള സദസ്സിൽ സമർപ്പിച്ച നിവേദനം
2. കണ്ണൂർ ജില്ലാ കളക്ടറുടെ 18.02-.-2024 ലെ DCKNR/7148/2023-L4നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി സൗമ്യ പൊടിക്കളം പറമ്പിൽ, ശ്രീ ശൈലം, കാഞ്ഞിരോട്, വീട് വയ്ക്കുന്നതിന് മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നിന്നും 2015-16 വാർഷിക പദ്ധതിയിൽ ലഭിച്ച 3 ലക്ഷം രൂപ ഉപയോഗിച്ച് വീട് നിർമ്മിക്കുകയും ആ വീടിന് സൗകര്യം കുറവായതിനാൽ കണ്ണൂർ ജില്ലാബാങ്കിൽ നിന്നും വീട്ടും സ്ഥലവും ഈട് വച്ച് ലോൺ എടുക്കുകയും ചെയ്തു. ഈ ലോൺ തിരിച്ചടയ്ക്കുന്നതിന് വീട്ടും സ്ഥലവും വിൽപ്പന നടത്തി വായ്പ തിരിച്ചടയ്ക്കാൻ കഴിയുന്ന തരത്തിൽ ലഭിച്ച ധനസഹായത്തിന്റെ തിരിച്ചടവ് ഒഴിവാക്കി നൽകി വീട് വിൽപ്പന നടത്താൻ അനുവദിക്കണമെന്ന് സൂചന 1 പ്രകാരം അപേക്ഷക ആവശ്യപ്പെട്ടിരുന്നു.

അപേക്ഷക വർഷങ്ങളായി ശാരീരിക- മാനസിക പ്രശ്നങ്ങൾക്ക് ചികിത്സയിൽ ആണെന്നതും ബാങ്കിലെ കടം വീട്ടുവാനും ചികിത്സയ്ക്കും സാമ്പത്തിക ബുദ്ധിമുട്ടുള്ളതും ബാങ്ക് വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ ജപ്തി നടപടി നേരിടുന്നതും പരിഗണിച്ചും ഇക്കാര്യത്തിൽ ജില്ലാ കളക്ടർക്ക് തീരുമാനമെടുക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും അറിയിച്ചുകൊണ്ട് സൂചന 3 പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ പ്രസ്തുത അപേക്ഷ സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകയുടെ നിലവിലെ ദയനീയ സാഹചര്യവും കണ്ണൂർ ജില്ലാ കളക്ടറുടെ അഭ്യർത്ഥനയും പരിഗണിച്ച് ശ്രീമതി സൗമ്യ പൊടിക്കളം പറമ്പിൽ, ശ്രീ ശൈലം, കാഞ്ഞിരോട്, ന് മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഭവന നിർമ്മാണ ധനസഹായത്തിന്റെ തിരിച്ചടവിൽ നിന്ന് പലിശ മാത്രം ഒഴിവാക്കി നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 07-06-2024 18:40:21

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജില്ലാകളക്ടർ, കണ്ണൂർ

സെക്രട്ടറി , മുണ്ടേരി ഗ്രാമപഞ്ചായത്ത് ,കണ്ണൂർ

ശ്രീമതി സൗമ്യ പൊടിക്കളം പറമ്പിൽ, ശ്രീ ശൈലം, കാഞ്ഞിരോട്,

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം,

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ. &പി. ആർ.ഡി.

കരുതൽ ഫയൽ